ങ്ങളുടേയും മറവുമാകയാൽ ബന്ധനോപകരണങ്ങളുടേയും ആ ദായത്തിന്റെ സാരമായ ദോഷം നേരിടത്തക്ക സ്ഥാനത്തു്, ഡിപ്പാട്ട്മെണ്ടു അനുമതിയില്ലാതെ എന്നുമാത്രമല്ല, ഡിപ്പാട്ട്മെണ്ടിൽനിന്നും ആവത്തിച്ചു ചെയ്ത ഉപദേശം വകവെക്കാതെയും, ആഠം ശേഖരത്തോടുകൂടിവന്ന മത്സ്യംപിടിച്ചുവെന്ന കാരണത്തിന്നാണു് പിഴ. ഒന്നാമത്തെ കേസ്സിൽ @ ഉറുപ്പികയും രണ്ടാമത്തേതിൽ ൧൦ ഉറുപ്പികയും പിഴ ചുമത്തിയിട്ടുണ്ടു്.

CYCLONE RELIEF FOR HOUSE CONSTRUCTION—LIST OF APPLICANTS FROM KUMBALANGHI VILLAGE

268. മിസ്സർ ബി. എം. പീററർ :

(എ) കൊടുങ്കാററിനാൽ കുമ്പളങ്ങി വില്ലേജിൽ പുര നശിച്ചവക്കു സഹായധനം നല്കേണ്ടതിന്നു ഗവമ്മെണ്ടിലേക്കു കിട്ടീട്ടുള്ള പുരകളുടെ എണ്ണമെത്ര ;

(ബി) അവരിൽ എത്ര പുരക്കാക്കു സഹായം ലഭിച്ചു ?

മിസ്സർ എ. മാധവ പ്രഭു :

(എ) ൨൧൩.

(ബി) ൨൦൩.

CYCLONE RELIEF FOR HOUSE RECONSTRUCTION—PREPARATION OF LISTS—INSTRUCTIONS REGARDING

269. മിസ്സർ ബി. എം. പീററർ . താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) കൊടുങ്കാററു ദുരിതനിവാരണാർത്ഥം നഷ്ടപ്പെട്ട പുരകളുടെ ലിസ്റ്റു് തയ്യാറാക്കുന്നതിൽ പഞ്ചായത്തുകാരുടെ സാന്നിദ്ധ്യം വേണമെന്നു വല്ല സക്കുലറും ഉണ്ടായിട്ടുണ്ടോ;

(ബി) കുമ്പളങ്ങി വില്ലേജു് പഞ്ചായത്തുകാരുടെ അറിവോ സമ്മതമോ കൂടാതെയാണു് അവിടത്തെ ഫൈനൽ ലിസ്റ്റു് പാസ്സാക്കിയതു എന്നുള്ളതിനെപ്പററി ടി പഞ്ചായത്തിൽനിന്നുണ്ടായ പ്രതിഷേധം ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനെപ്പററി വേണ്ട അന്വേഷണം നടത്തി സഹായം ലഭിച്ചിട്ടില്ലാത്ത സാധുക്കൾക്കു് മറുള്ളവക്കു കൊടുത്തപോലെ കൊടുപ്പാൻ ബഹുമാനപ്പെട്ട ഗവമ്മെണ്ടിന്നു മനസ്സുണ്ടാകുമോ ?

മിസ്സർ എ. മാധവ പ്രഭു :

(എ) ഉണ്ടു്. ഗവമ്മെണ്ടു് ഉത്തരവു ഉണ്ടായിരുന്നു. ദിവാൻപേഷ്കാർ പഞ്ചായത്തുപ്രസിഡണ്ടുമാരുടേയും മെമ്പർമാരുടേയും സാന്നിദ്ധ്യവും സഹകരണവും സഹായവും അഭ്യർത്ഥിച്ചുകൊണ്ടു് എല്ലാ പഞ്ചായത്തു പ്രസിഡണ്ടുമാക്കും എഴുതി അയച്ചിട്ടും ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly